Syro Malabar Commission for Liturgy



# നോമ്പ് നാലാം ശനി - യോഹ 7: 45-53

ഈശോ സാബത്തിൽ രോഗശാന്തി നല്കിയത് യഹൂദരെയും പുരോഹിതപ്രമാണികളെയും പ്രകോപിപ്പിച്ചിരുന്നു. തന്മൂലമാണ് ഈശോയെ ബന്ധിക്കുവാനായി അവർ സേവകരെ അയയ്ക്കുന്നത്. എന്നാൽ സേവകർ ഈശോയുടെ പ്രബോധനങ്ങളിൽ ആകൃഷ്ടരായി അവനെ പിടികൂടാതെ തിരിച്ചുവരുമ്പോൾ ഫരിസേയരും പുരോഹിതപ്രമുഖന്മാരും അവരെ കുറ്റപ്പെടുത്തുന്നു. സേവകർക്ക് നിയമം അറിയില്ലായെന്നാണ് ഫരിസേയർ ആരോപിക്കുന്നത്. ഈ അവസരത്തിലാണ് യഹൂദപ്രമാണിയായ നിക്കോദേമൂസ് ഈശോയുടെ പക്ഷം ചേർന്ന് സംസാരിക്കുന്നത്. സഹോദരങ്ങൾ തമ്മിലുള്ള തർക്കങ്ങൾ കേട്ട് വിചാരണ ചെയ്യുവിൻ എന്ന യഹൂദനിയമം തന്നെ (പുറ 23: 1, നിയമ 1: 16) നിക്കോദേമൂസ് ഉദ്ധരിക്കുന്നു. നിക്കോദേമൂസിനെപ്പോലെ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുക. കുരിശും രക്തസാക്ഷിത്വവും വരെ ഏല്ക്കേണ്ടിവന്നാലും ഈശോയ്ക്ക്വേണ്ടി നിലകൊള്ളുക. ഈശോയോടുള്ള വിധേയത്വം ഭൂമിയിൽ മുൾക്കിരീടവും കുരിശും കൊണ്ടുവന്നേക്കാമെങ്കിലും നിത്യതയിൽ കിരീടം പ്രദാനം ചെയ്യും.

**ആരാധനക്രമകമ്മീഷൻ**

**മൗണ്ട് സെന്റ് തോമസ്,കാക്കനാട്**

**Read More:www.syromalabarliturgy.org**